DESPATCHED 19/3/22

08/03/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1079(4)/2021/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.8949/എസ്.ഐ.സി-ജി 2/2021)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

(തീയതി 08.03.2022)

ശ്രീ. പ്രദീപ് പി,
കൈലാസത്തുവെളി,
സി.എം.സി.16, മരുത്തോർവെട്ടം പി.ഒ,
ചേർത്തല- 688 539.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി തഹസീൽദാർ,
   താലൂക്ക് ഓഫീസ്, ചേർത്തല.

2. അപ്പീൽ അധികാരി &
   തഹസീൽദാർ,
   താലൂക്ക് ഓഫീസ്, ചേർത്തല.

എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 16.02.2021 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ, ടിയാൻ ഒന്നാം എതിർകക്ഷിക്ക് 27.02.2020 ൽ നൽകിയ 3187/20 നമ്പരിലുള്ള പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ അടക്കം 8 ഇന വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ചില ചോദ്യങ്ങൾക്ക് അവ്യക്തമായ മറുപടി നൽകിയെന്നും ചില

ചോദ്യങ്ങളുമായി ബന്ധപ്പെട്ട പകർപ്പുകൾ നൽകിയില്ലെന്നും ആരോപിച്ചാണ് ടിയാൻ 06.08.2021 ൽ കമ്മീഷന് അപ്പീൽ ഹർജി നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ ഓഡിയോ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

3. താൻ ഒരു പരാതി നൽകിയിട്ട് അതു സംബന്ധിച്ച നടപടികളെപ്പറ്റി അന്വേഷിച്ചിട്ട് കൃത്യമായി നൽകിയില്ലെന്ന് അപ്പീൽ ഹർജിക്കാരൻ ഹിയറിംഗിൽ പറഞ്ഞു. പരാതിയുമായി ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ പകർപ്പ് ആവശ്യപ്പെട്ടിട്ട്, ആയത് നൽകിയില്ല. അതുപോലെ, വില്ലേജ് ഓഫീസർ തഹസീൽദാർക്ക് സമർപ്പിച്ച സ്റ്റോപ്പ് മെമ്മോയുടെ പകർപ്പ് ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല, വില്ലേജ് ഓഫീസർ തഹസീൽദാർ മുഖേന ആർ.ഡി.ഒയ്ക്ക് നൽകിയ SR 453/16 നമ്പർ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല, ആർ.ഡി.ഒ യുടെ ഉത്തരവ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചോദ്യത്തിന് മറുപടിയേ നൽകിയിട്ടില്ല എന്നിങ്ങനെയുള്ള കാര്യങ്ങളാണ് അപ്പീൽ ഹർജിക്കാരൻ മൊഴിയായി നൽകിയത്. വില്ലേജ് ഓഫീസിൽ നിന്ന് റിപ്പോർട്ടിന്റെ പകർപ്പ് ആവശ്യപ്പെട്ടപ്പോൾ, ആയത് താലൂക്ക് ഓഫീസിലേക്ക് അയച്ചു എന്ന് പറഞ്ഞുവെന്നും, ഇതിന്റെ അടിസ്ഥാനത്തിൽ ആണ് തഹസീൽദാരോട് വിവരങ്ങൾ ആരാഞ്ഞതെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. തന്റെ അപേക്ഷ വിവരാവകാശ നിയമത്തിന്റെ 6(3)വകുപ്പ പ്രകാരം കൈമാറിയിട്ടില്ലെന്നും അപ്പീൽ ഹർജിക്കാരൻ മൊഴി നൽകി.

4. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളുടെ പകർപ്പുകളും വില്ലേജ് ഓഫീസിൽ നിന്ന് ശേഖരിച്ച് നൽകേണ്ടതാണെന്നും, അങ്ങനെ ചെയ്യാമെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

5. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ രണ്ടു വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി കമ്മീഷൻ നിരീക്ഷിക്കുന്നു. 16.02.2021 ലെ അപേക്ഷയ്ക്ക് 16.03.2021നകം മറുപടി നൽകേണ്ടിയിരുന്ന സ്ഥാനത്ത് 18.03.2021 ലാണ്

നൽകിയിരിക്കുന്നത്. അപേക്ഷ തപാലിൽ ലഭിക്കുമ്പോൾ ഉണ്ടാകുന്ന സ്വാഭാവികമായ കാലതാമസം പരിഗണിച്ചാൽ, മറുപടി നൽകാൻ രണ്ടു ദിവസം വൈകിയത് വലിയ അപരാധമായി കാണേണ്ടതില്ല. എന്നാൽ അപേക്ഷ ലഭിച്ച് രണ്ടു ദിവസത്തിനുള്ളിൽ നൽകാവുന്ന മറുപടിയാണ് ഒന്നാം എതിർകക്ഷി 32-ാം ദിവസം നൽകിയിട്ടുള്ളത്. ഇത് മറുപടി നൽകുന്നതിൽ ഒന്നാം എതിർകക്ഷി വച്ചു പുലർത്തുന്ന ഉദാസീനതയ്ക്കുള്ള ഉത്തമദൃഷ്ടാന്തമാണ്.

6. അപേക്ഷയിലെ ക്രമ നമ്പർ 5 പ്രകാരം സ്റ്റോപ്പ് മെമ്മോ സംബന്ധിച്ച വിവരമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും, നിലം നികത്തു കേസുകളിൽ സ്റ്റോപ്പ് മെമ്മോ നൽകുന്നത് വില്ലേജ് ഓഫീസുകളിൽ നിന്നാണെന്നും, ആയതിനാൽ ഇതു സംബന്ധിച്ച വിവരം വില്ലേജ് ഓഫീസുകളിൽ നിന്ന് ആരായാവുന്നതാണെന്നും ആണ് ഒന്നാം എതിർകക്ഷി 18.03.2021ൽ നൽകിയ മറുപടിയിൽ പറയുന്നത്. അപേക്ഷയിൽ നിന്നും മനസിലാകുന്നത് സ്റ്റോപ്പ് മെമ്മോ നൽകിയിരിക്കുന്നത് കൊക്കോതമംഗലം വില്ലേജാഫീസിൽ നിന്നാണെന്നാണ്. എന്നിട്ടും അക്കാര്യം കൃത്യമായി പറയാതെ, വില്ലേജ് ഓഫീസുകളിൽ നിന്ന് വിവരം ആരായാവുന്നതാണ് എന്ന സാമാന്യപ്രസ്താവനയിലൂടെ ഒന്നാം എതിർകക്ഷി അപേക്ഷകനെ വട്ടംകറക്കാനാണ് ശ്രമിച്ചിട്ടുള്ളത് എന്ന് കരുതേണ്ടിയിരിക്കുന്നു. മാത്രവുമല്ല, അപേക്ഷകൻ ആവശ്യപ്പെട്ട വിവരമോ, രേഖയോ മറ്റൊരു പൊതു അധികാരിയിൽ നിന്നാണ് ലഭിക്കേണ്ടതെങ്കിൽ, ആയത് അപേക്ഷ ലഭിച്ച് 5 ദിവസത്തിനുള്ളിൽ ടി പൊതു അധികാര സ്ഥാനത്തേക്ക് അയച്ചുകൊടുക്കുകയും, ടി വിവരം അപേക്ഷകനെ അറിയിക്കുകയുമാണ് ചെയ്യേണ്ടത് എന്ന് വിവരാവകാശ നിയമം 6(3) വകുപ്പ് പറയുന്നു. ഇങ്ങനെ ചെയ്യാതിരുന്ന ഒന്നാം എതിർകക്ഷിയുടെ നടപടി ശരിയായില്ല.

7. ഏതായാലും, അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങളും, രേഖകളുടെ പകർപ്പുകളും വില്ലേജ് ഓഫീസിൽ നിന്ന് വാങ്ങി നൽകാമെന്ന് ഒന്നാം എതിർകക്ഷി ഹിയറിംഗ് വേളയിൽ കമ്മീഷനോട് സമ്മതിച്ചിട്ടുള്ളതുകൊണ്ട്, ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ആയത് അപ്പീൽ ഹർജിക്കാരന് ലഭിച്ചു എന്ന് ഒന്നാം എതിർകക്ഷി ഉറപ്പാക്കേണ്ടതും, ടി

വിവരം കമ്മീഷനെ അറിയിക്കേണ്ടതും ആണ്. അതോടൊപ്പം, അപേക്ഷ നിയമപരമായി കൈകാര്യം ചെയ്യാതിരുന്നതിന് നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതും ഒന്നാം എതിർകക്ഷി ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

8. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 08.03.2022 ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**

**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re